**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6306 03.04.2018-ൽ മറുപടിയ്ക്ക്

**മര്യാപുരം ഐ.ടി.ഐ-യിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മര്യാപുരം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ-യിൽ 2018-19-ൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | 2016-17 വർഷം മുതൽ മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, സർവ്വേയർ എന്നീ പുതിയ കോഴ്സുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിന് മതിയായ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ഒരുക്കിയാൽമാത്രമെ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | മര്യാപുരം ഐ. ടി.ഐ-യിൽ നിലവിൽ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ ; | (ബി) | മര്യാപുരം ഐ.റ്റി.ഐ-യിൽ Upgradation of Government ITIs through Public Private Partnership (PPP) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പലിശരഹിത വായ്പയായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുള്ള 2.5 കോടി ഫണ്ടിൽ നിന്നും 68.13 ലക്ഷം രൂപ ചെലവിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. |
| (സി) | മര്യാപുരം ഐ.ടി.ഐ- യിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതുവർഷം ആണ് തുക അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ; | (സി) | Upgradation of government ITIs through Public Private Partnership (PPP) പദ്ധതി പ്രകാരം 2012 മാർച്ചിൽ പലിശ രഹിത വായ്പയായി ലഭിച്ച 2.5 കോടി രൂപയിൽ നിന്നും 68.13 ലക്ഷം രൂപ മര്യാപുരം ഐ.റ്റി.ഐ-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി അനുവദിച്ചത് 2017 ലാണ്. |
| (ഡി) | 2017-2018-ൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ഉള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ